**മധുരമായ കുട്ടികളേ, ആദ്യം അവനവനോടു ദയ കാണിക്കൂ, പിന്നെ താങ്കളുടെ കടമയാണ് തന്റെ കുടുംബത്തിന് സ്വർഗ്ഗത്തിലേക്ക് പോകുന്നതിനുള്ള ശരിയായ വഴി പറഞ്ഞുകൊടുക്കുക, അതുകൊണ്ട് അവരേയും യോഗ്യരാക്കുന്നതിനുള്ള പൂർണ്ണ പുരുഷാർത്ഥം ചെയ്യൂ.**

**ചോദ്യം:** നിങ്ങൾ ഏത് മത്സരത്തിന്റെ ആധാരത്തിൽ ശിവാലയത്തിന്റെ അധികാരികളായി മാറും?
**ഉത്തരം:** *ഫോളോ ഫാദർ മദർ.* കേവലം ഒരു ജന്മം പവിത്രതയുടെ പ്രതിജ്ഞ ചെയ്യൂ. നരകത്തിൽ നിന്ന് മനസ്സിനെ അകറ്റൂ. ശിവബാബ നിങ്ങൾക്കുവേണ്ടി ശിവാലയം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്, അവിടെ നിങ്ങൾ ചൈതന്യത്തിൽ രാജ്യം ഭരിക്കും. ജോലി വേലകൾ ചെയ്തുകൊണ്ടും ബാബയേയും സ്വർഗ്ഗത്തേയും ഓർമ്മിക്കൂ എങ്കിൽ രാജ്യഭാഗ്യത്തിന്റെ തിലകം ലഭിക്കും അഥവാ സ്വർഗ്ഗത്തിന്റെ അധികാരിയായി മാറും.

**ഗീതം:** നീ തന്നെയാണ് മാതാവും പിതാവും. . . . . .

**ഓം ശാന്തി**. എന്തെങ്കിലും പറയേണ്ടിയിരിക്കുന്നു - ഓം ശാന്തിയെന്നോ ശിവായ നമഃ യെന്നോ, പരമാത്മായ നമഃ എന്ന് പറയാറില്ലേ. ഓം ശാന്തി എന്ന് നാം പറയുന്നു. ഇതാണ് സ്വയത്തിന്റേയും ബാബയുടേയും പരിചയം. ആ മഹിമ ഭക്തർ ചെയ്യുന്നു - ത്വമേവഃ മാതാശ്ച പിതാ . . . . . . നിങ്ങളാണെങ്കിൽ മക്കളാണല്ലോ. ആരുടെ മഹിമയാണോ ഭക്തർ ഭക്തിയിൽ ചെയ്യുന്നത്, ഇന്ന് അദ്ദേഹം നിങ്ങളുടെ സന്മുഖം ഇരിക്കുകയാണ്. തീർച്ചയായും സന്മുഖം ഉണ്ടായിരുന്നു, ഇപ്പോൾ വീണ്ടും സന്മുഖത്ത് ഇരിക്കുകയാണ്. ഈ കാര്യങ്ങൾ നിങ്ങൾ കുട്ടികൾക്കു മാത്രമേ അറിയൂ, ഭക്തർക്കറിയുകയില്ല. നിങ്ങൾ കുട്ടികൾക്കറിയാം ഒരേയൊരച്ഛനേയുള്ളൂ, ആരുടെയാണോ മഹിമ പാടിക്കൊണ്ടിരിക്കുന്നത്. ആ അച്ഛൻ നിങ്ങൾക്ക് എത്ര സുഖമാണ് നൽകിക്കൊണ്ടിരിക്കുന്നത്! 21 ജന്മത്തേക്ക് നിങ്ങൾ ഒരിക്കലും ദുഃഖിതരാകുകയില്ല. അങ്ങിനെയുള്ള അച്ഛന്റെ മുന്നിലാണിരിക്കുന്നത്. നിങ്ങൾക്കറിയാം ഇത് നമ്മുടെ പരിധിയില്ലാത്ത അച്ഛനാണ്, സ്വർഗ്ഗത്തിന്റെ സുഖം നൽകുന്നതിന് സേവനം ചെയ്തുകൊണ്ടിരിക്കുകയാണ്. അച്ഛൻ എല്ലായ്പ്പോഴും കുട്ടികളെ രചിച്ച്, അവരുടെ സേവനം ചെയ്ത് യോഗ്യരാക്കിമാറ്റുന്നു. അച്ഛൻ കുട്ടികളുടെ അടിമയാകുന്നപോലെയാണ്. ലൗകിക പിതാവും കുട്ടികളെ പരിപാലിക്കുന്നതിന് എത്ര പരിശ്രമമാണ് ചെയ്യുന്നത്. രാവും പകലും ഈ ചിന്ത തന്നെയായിരിക്കും കുട്ടികളുടെ സേവനം ചെയ്ത് യോഗ്യരാക്കിമാറ്റണം. അത് പരിധിയുള്ള രചനയുടെ അടിമയാണ്. ഇത് പരിധിയില്ലാത്ത ബാബയാണ്. ബാബയും പറയുന്നു - കുട്ടികളേ, പൂർണ്ണമായി ഫോളോ ചെയ്യൂ, പൂർണ്ണമായി സ്വർഗ്ഗത്തിന്റെ അധികാരിയായി മാറൂ. കുട്ടികളുടെ മേൽ എല്ലായ്പ്പോഴും കരുണ കാണിക്കേണ്ടിയിരിക്കുന്നു. വിവേകശാലിയായ അച്ഛനാണെങ്കിൽ പറയും, എന്തുകൊണ്ട് കുട്ടികളേയും ഈ സമ്പാദ്യം പഠിപ്പിച്ചുകൂടാ. ലൗകിക കുട്ടികളുടെ സ്ഥൂല പാലനയാണെങ്കിൽ അരകല്പമായി ചെയ്യുന്നു. കുട്ടികളുടെ പാലന ചെയ്ത് വലുതാക്കി, യോഗ്യരാക്കി. കുട്ടികൾക്കുവേണ്ടി മരണപത്രവും തയ്യാറാക്കി, ശരീരം വിട്ടു, പോയി വേറെ ജന്മം എടുക്കും. അതാണെങ്കിൽ പരിധിയുള്ള കാര്യമാണ്, ഇതാണെങ്കിൽ പരിധിയില്ലാത്ത അച്ഛനാണ്. അത് പരിധിയുള്ള ബ്രഹ്മാവാണ്. രചന രചിച്ച് അവരുടെ അടിമയാകുന്നു. വളരെയധികം പരിശ്രമം ചെയ്യേണ്ടി വരുന്നു. കുട്ടികളെവിടെയെങ്കിലും പോയി ചീത്ത കൂട്ടുകെട്ടുകളിൽ പെട്ടുപോകരുത്. പേര് ദോഷം വരുത്തിവെക്കരുത്. എന്നാൽ അതെല്ലാം അല്പകാല സുഖമാണ്. അവർക്കറിയില്ല - കുട്ടി നല്ലതായി വളരുമോ ചീത്തയായി വളരുമോ? ചിലർ കുപുത്രരായി മാറുന്നു, വളരെ പേർ പേരു ദോഷം വരുത്തിവെക്കുന്നു. ബാബയുടെ സമ്പത്തിനെ മുഴുവൻ നശിപ്പിച്ചുകളയുന്നു, അതുകൊണ്ട് വളരെയധികം ശ്രദ്ധിക്കേണ്ടി വരുന്നു. പരിധിയില്ലാത്ത അച്ഛന് എത്ര ചിന്തയാണ്! പറയുന്നു - സമ്പത്തെടുത്തുകൊള്ളൂ, തന്റെ മക്കൾക്കും സമ്പത്ത് കൊടുക്കൂ. എന്നാലും കുപുത്രരായി മാറുകയാണെങ്കിൽ ബാബയുടെ വാക്കുകളെ മാനിക്കുന്നില്ല. ബാബ പറയുന്നു പഠനം പഠിക്കൂ, പക്ഷെ പഠിക്കുന്നില്ല. പവിത്രമായി മാറുന്നില്ല. കോടിയിലും ചിലർ, ചിലരിലും ചിലർ മാത്രമേ ആജ്ഞാകാരികളായി മാറുന്നുള്ളൂ. ഇവിടെയാണെങ്കിൽ ശ്രീമതം ലഭിക്കുന്നു.

നീ തന്നെയാണച്ഛനും അമ്മയും . . .. ഇത് ഒന്നിന്റെ മഹിമയാണ്. എന്നാൽ മനുഷ്യർ അറിയാത്തതുകാരണം കൃഷ്ണന്റെ മുന്നിലും ലക്ഷ്മീ-നാരായണന്റെ മുന്നിലും പോയി പറയുന്നു നീ തന്നെയാണച്ഛനും അമ്മയും . . . . . . ഇതും അന്ധവിശ്വാസമാണ്. ലക്ഷ്മീ-നാരായണനാണെങ്കിൽ പ്രാലബ്ധം അനുഭവിക്കു

കയാണ്. അദ്ദേഹത്തിന് തന്റെ മക്കളുണ്ട്. നമുക്കെങ്ങിനെ അദ്ദേഹത്തിന്റെ മുന്നിൽ പോയി പറയാൻ കഴിയും നീ തന്നെയാണ് അച്ഛനും അമ്മയും. വാസ്തവത്തിൽ ഈ മഹിമ ഒരേ ഒരാളുടേതാണ്. പാട്ടിലും കേട്ടുവല്ലോ ഉയർന്നതിലും ഉയർന്നത് ശിവബാബയാണെന്ന്. എല്ലാവർക്കും സദ്ഗതി നൽകുന്നവൻ. . . . സർവ്വരേയും സുഖധാമത്തിലേയ്ക്കും ശാന്തിധാമത്തിലേയ്ക്കും കൊണ്ടുപോകുന്നവൻ. ഇങ്ങിനെയുള്ള ബാബയുടെ ശ്രിമതപ്രകാരം തീർച്ചയായും നടക്കണം. മനസ്സിലാക്കുന്നുമുണ്ട് മാതാപിതാവിൽ നിന്ന് 21 ജന്മത്തേയ്ക്ക് അളവറ്റ സമ്പത്ത് ലഭിക്കുന്നു എന്ന്. എന്നാൽ ശ്രീമതപ്രകാരം വളരെ കുറച്ചുപേർ മാത്രമേ നടക്കുന്നുള്ളൂ. വളരെ ഉയർന്ന സമ്പത്താണ് ലഭിക്കുന്നത്. ബാബ പറയുന്നു – നിങ്ങൾ കുട്ടികൾക്കു വേണ്ടി കൈവെള്ളയിൽ സ്വർഗ്ഗം കൊണ്ടു വന്നിരിക്കുകയാണ്. ശ്രീമതപ്രകാരം നടന്നാൽ മാത്രമേ യോഗ്യ രായി മാറുകയുള്ളൂ. ഓരോ ചുവടുകളിലും ശ്രീമതം ലഭിക്കുന്നു. അതുപ്രകാരം നടക്കുന്നില്ലെങ്കിൽ ഉയർന്ന പദവി പ്രാപ്തമാക്കുവൻ കഴിയുകയില്ല. സ്വർഗ്ഗത്തിൽ ലക്ഷ്മീ–നാരായണന്റെ രാജ്യമായിരുന്നു. ഇത് ആർക്കും തന്നെ അറിയുകയില്ല. മുമ്പെ നമ്മളും പറഞ്ഞിരുന്നു ഇന്ന വ്യക്തി സ്വർഗ്ഗം പ്രാപിച്ചു, അല്ലെ ങ്കിൽ സന്യാസി മരിച്ചെങ്കിൽ പറയും പ്രകാശം പ്രകാശത്തിൽ ലയിച്ചു എന്നെല്ലാം. എന്നാൽ ആരും പോകുന്നില്ല. ജീവൻമുക്തി ദാതാവും മുക്തി ദാതാവും ഒരേയൊരു ബാബയാണ്, ബാബ വരാത്തിട ത്തോളം കാലം ആർക്കും അവിടെ പോകാൻ കഴിയുകയില്ല. അത് നിരാകാരി ലോകമാണ്. നിരാകാര നായ ബാബയും നിരാകാര ആത്മാക്കളും അവിടെ വസിക്കുന്നു, അതിനെ പരംധാം എന്നും പറയുന്നു. സയൻസിൽ അഹങ്കരിക്കുന്നവർ പറയുന്നു – ഇവിടെ തന്നെ ജനിക്കുന്നു, ഇവിടെ തന്നെ മരിക്കുന്നു. കൊതുകിനെപ്പോലെ. സൃഷ്ടി ചക്രത്തെക്കുറിച്ച് ആർക്കും ഒന്നും അറിയുകയില്ല. സർവ്വവ്യാപിയുടെ ജ്ഞാനം കാരണം ആർക്കും ഒന്നും മനസ്സിലാകുന്നില്ല. ഇപ്പോൾ നിങ്ങൾക്ക് അച്ഛനെ ലഭിച്ചിരിക്കുകയാ ണ്. പറയുന്നൂ – കുട്ടികളേ ഇപ്പോൾ തിരിച്ചു പോകണം. കല്പം മുന്നത്തെപ്പോലെ എല്ലാവരേയും കൊണ്ടു പോകാൻ ഞാൻ വന്നിരിക്കുകയാണ്. നിങ്ങളുടെ ആത്മാവിൽ വളരെയധികം അഴുക്ക് പറ്റിയിട്ടുണ്ട്. എല്ലാ വരുടേയും ആത്മാവും ശരീരവും തമോപ്രധാനമായിരിക്കുകയാണ്. അതിനെ വീണ്ടും സതോപ്രധാന മാക്കി മാറ്റണം. നിങ്ങളുടെ ആത്മാവ് സതോപ്രധാനമായിരുന്നു, അപ്പോൾ *ഗോൾഡൻ ഏജ്ഡ് വേൾഡാ യിരുന്നു.* പവിത്ര ആത്മാവിന് പവിത്ര സ്വർണം പോലെയുള്ള ശരീരമായിരുന്നു. അതിനെ സത്യമായ ആഭരണമെന്നു പറയപ്പെട്ടിരുന്നു. ഇപ്പോൾ എന്തായിരിക്കുകയാണ്. ഇപ്പോൾ ഒരുശതമാനം പോലും സത്യ മായ സ്വർണ്ണമല്ല. അഴുക്ക് പറ്റിയിരിക്കുകയാണ്. ഇപ്പോൾ ബാബ പറയുന്നു – കേവലം എന്നെ മാത്രം ഓർമ്മിക്കൂ, എങ്കിൽ സത്യമായ സ്വർണ്ണമായിമാറും. ആത്മാവ് പറക്കാൻ തുടങ്ങും. ഇപ്പോൾ ചിറകുകൾ ഒടിഞ്ഞിരിക്കുകയാണ്. ഏതുപോലെ പുരുഷാർത്ഥം ചെയ്യുന്നുവോ അതുപോലെ പദവി പ്രാപ്തമാകും. എത്ര ഉയർന്ന പഠനമാണ്! ഭഗവാനുവാചാ – ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കുകയാണ്, ഇതു കൊണ്ട് നിങ്ങൾ രാജാക്കന്മാരുടേയും രാജാവായി മാറുന്നു. വികാരി പൂജാരി രാജാക്കന്മാരുടേയും പൂജ്യ രായി മാറും. പാടപ്പെട്ടിട്ടുമുണ്ട് താങ്കൾ തന്നെ പൂജ്യർ താങ്കൾ തന്നെ പൂജാരി. നിങ്ങൾ കുട്ടികൾ മനസ്സി ലാക്കുന്നു – നാം തന്നെയായിരുന്നു പൂജ്യ ദേവി–ദേവതകൾ, നമ്മൾ തന്നെയാണ് പൂജാരിയായി മാറിയി രിക്കുന്നത്. നമ്മൾ തന്നെയാണ് പൂജ്യരും പൂജാരിയുമായി മാറുന്നത്. ബാബ വന്ന് പൂജാരിയിൽ നിന്ന് പൂജ്യരായി മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ജ്ഞാനം സിന്ദാബാദ് ആയിക്കൊണ്ടിരിക്കുകയാണ്. ബ്രഹ്മാവിന്റെയും ബ്രഹ്മാകുമാർ കുമാരികളുടെയും രാത്രി പൂർത്തിയായിരിക്കുകയാണ്. രാത്രി എപ്പോൾ മുതൽക്കാണ് തുടങ്ങുന്നത് – ശാസ്ത്രവാദികൾക്ക് ഇതറിയുകയില്ല. ബ്രഹ്മാവിന്റെ പകൽ സത്യ–ത്രേതായുഗ ങ്ങൾ . . . . .ദ്വാപര മദ്ധ്യത്തിൽ നിന്ന് രാത്രി ആരംഭിക്കുന്നു. ഈ കാര്യങ്ങളെല്ലാം നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്. 84 ജന്മങ്ങൾ പൂർത്തിയാക്കി നാം വീണ്ടും രാജ്യഭാഗ്യമെടുക്കും. സത്യയുഗത്തിൽ ഈ ജ്ഞാനമുണ്ടായിരിക്കുകയില്ല. അവിടെ ഇതിന്റെ പ്രാലബ്ധമായിരിക്കും. അവിടെയും നിങ്ങൾ തന്റെ അച്ഛനിൽ നിന്ന് സമ്പത്തെടുക്കുന്നു. പക്ഷെ അത് ഈ സമയത്തെ സമ്പാദ്യമാണ്, ഇത് 21 ജന്മം നടക്കു ന്നു. ഭാരതത്തിൽ തന്നെയാണ് മുഴുവൻ കളിയും. സത്യയുഗത്തിൽ ഏതാണോ ദേവി–ദേവതകളുടെ രാജ്യമുണ്ടായിരുന്നത്, അതിപ്പോൾ ആസുരീയ രാജ്യമായിരിക്കുകയാണ്. പ്രജകളുടെ മേൽ പ്രജകളുടെ രാജ്യമാണ്. ബാബ പറയുന്നു – കുട്ടികളേ, *മോശമായത് കേൾക്കരുത് മോശമായത് കാണരുത്* . . . . . . കുരങ്ങന്റെ ഒരു ചിത്രം കാണിക്കുന്നു. ഈ സമയത്ത് മനുഷ്യൻ കുരങ്ങനു സമാനമായിരിക്കുകയാണ് അതുകൊണ്ടാണ് കുരങ്ങന്റെ മുഖം കാണിക്കുന്നത്. കാര്യം ഈ സമയത്തെയാണ്. ഇതിനെയാണ് പറയു ന്നത് ഘോരമായ നരകം. തേളിനെപ്പോലെ അന്യോന്യം കുത്തിക്കൊണ്ടിരിക്കുകയാണ്. മായ എല്ലാവ രേയും മോശമാക്കിയിരിക്കുകയാണ്. ഭാരതം സ്വർഗ്ഗമായിരുന്നു, ഇപ്പോൾ നരകമാണ്. 84 ജന്മങ്ങളും ഭാര തവാസികൾ തന്നെയാണെടുക്കുന്നത്.

ബാബ പറയുന്നു – ഞാൻ എത്ര വിവേകമാണ് പകർന്നു തരുന്നത്. പറയുന്നു – *ഞാൻ ഏറ്റവും അനു സരണയുള്ള അച്ഛനാണ്. ഫാദർ സർവന്റ്, ടീച്ചർ സർവന്റ്, ഗുരു സർവന്റ്.* ഇപ്പോൾ ഞാൻ വന്നിരിക്കു

കയാണ്. വഴികാട്ടികളും യാത്രക്കാരുടെ സേവകരാണ് – വഴി പറഞ്ഞുകൊടുക്കുന്നവർ. ഇപ്പോൾ ഞാൻ നിങ്ങളെ സ്വർഗ്ഗത്തിലേയ്ക്ക് പോകുന്നതിനുവേണ്ടി വഴികാട്ടിയായിരിക്കുകയാണ്. മുക്തമാക്കുകയാണ്. ചരിത്രം തീർച്ചയായും ആവർത്തിക്കപ്പെടും. ഗ്രന്ഥത്തിലും പറയുന്നു സത്യം തന്നെയാണ്, സത്യം തന്നെയായിരുന്നു . . . . .ഒരു ഓംകാരം. ഇത് പരമാത്മാവിന്റെ മഹിമയാണ്. ഒരു ഭാഗത്തു പറയുന്നു അയോനിയാണെന്ന്, മറുഭാഗത്തു പറയുന്നു സർവ്വ വ്യാപിയാണെന്ന്. എവിടെ നോക്കിയാലും അങ്ങുതന്നെ അങ്ങാണ്. നാം ഇവിടെ വന്നിരിക്കുന്നത് സന്തോഷിക്കാനാണ്. അങ്ങിനെ പലതും പറയുന്നുണ്ട്. ഇപ്പോൾ ബാബ പറയുന്നു – കുട്ടികളേ, ഈ കാര്യങ്ങളെല്ലാം നിങ്ങളെ മുക്കുന്നവയാണ്. സർവ്വ വ്യാപിയുടെ ജ്ഞാനം മുക്കിക്കളയുന്നു. ബാബ എത്രയാണ് പറഞ്ഞുമനസ്സിലാക്കിത്തരുന്നത്. ചിലർ ഉടനെത്തന്നെ നിശ്ചയം ചെയ്യുന്നു ബാബയിൽ നിന്ന് സമ്പത്തെടുക്കണം. ഇത്രയും മധുരമായ അച്ഛനെ ഒരിക്കലും ലഭിക്കുകയില്ല. സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നവനാണ് ബാബ. ബാബയെ ലഭിക്കുമ്പോഴാണ് സ്വർഗ്ഗത്തിന്റെ അധികാരികളാകുന്നത്. അങ്ങിനെയുള്ള അച്ഛനെ ഉടനെത്തന്നെ തന്റേതാക്കി മാറ്റണം. എനിക്ക് കല്പം മുമ്പെ ആയ കുട്ടികളെ വേണം, അവരേ വന്ന് സൽപുത്രരോ കുപുത്രരോ ആകുകയുള്ളൂ, കല്പം മുന്നത്തെപ്പോലെ. സ്ത്രീയുടേയും കുട്ടികളുടേയും ഉത്തരവാദിത്വം രചയിതാവായ അച്ഛന്റെ മുകളിലാണ്. അച്ഛന്റെ കർത്തവ്യമാണ്  കുട്ടികളേയും സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുകയെന്നത്. ആദ്യം തനിക്കു മേൽ കരുണ കാണിക്കൂ.  ബാബ കൃപ ചെയ്താൽ എല്ലാവരും ലക്ഷ്മീ–നാരായണനായി മാറും ഇങ്ങിനെയല്ല. ഇത് വളരെ വലിയ പരീക്ഷയാണ്. 8 പേർക്ക് മാത്രമേ സ്കോളർഷിപ്പ് ലഭിക്കുകയുള്ളൂ. പിന്നെ 108 ആണ്, ലോട്ടറി പോലെയാണ്. ബാബ പറയുന്നു – ദേഹസഹിതം ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളേയും മറക്കൂ. സ്വയം അശരീരിയാണെന്നു മനസ്സിലാക്കൂ, ആത്മാവാണെന്ന നിശ്ചയം ചെയ്യൂ. അല്ലാതെ ഞാൻ പരമാത്മാവാണെന്നല്ല. അവരാണെങ്കിൽ ആത്മാവ് തന്നെയാണ് പരമാത്മാവെന്നു പറയുന്നു. അവർ കരുതുന്നു ആത്മാവ് പോയി പരമാത്മാവിൽ ലയിക്കുന്നു. ഏതുവരേയും ലയിക്കുന്നില്ലയോ അതേവരേയും അവരെ പരമാത്മാവെന്ന് പറയുകയില്ല. എന്നാൽ പരമാത്മാവിൽ ആരും ലയിക്കുന്നില്ല. ഈ ഡ്രാമ അനാദിയായി ഉണ്ടാക്കപ്പെട്ടതാണ്. 500–600 കോടി അഭിനേതാക്കളുണ്ട്. അവർക്കോരോരുത്തർക്കും അവരവരുടേതായ പാർട്ടുകളുമുണ്ട്. ഓരോ ആത്മാവിലും *ഇമ്മോർട്ടൽ* (അവിനാശിയായ) പാർട്ട് അടങ്ങിയിട്ടുണ്ട്. ബാബക്കല്ലാതെ വേറെ ആർക്കും ഇത് പറഞ്ഞുതരാൻ കഴിയുകയില്ല. ബാബ വന്ന് നിങ്ങൾ കുട്ടികൾക്ക് ആദി–മദ്ധ്യ–അന്ത്യത്തിന്റെ ജ്ഞാനം നൽകി ത്രികാല ദർശികളാക്കുകയാണ്. ചിത്രങ്ങളിൽ ദേവതകൾക്ക് മൂന്ന് കണ്ണുകൾ കാണിക്കുന്നുണ്ട്. വാസ്തവത്തിൽ മൂന്ന് കണ്ണുകൾ ദേവതകൾക്കുമില്ല, ശൂദ്രർക്കുമില്ല. നിങ്ങൾ ബ്രാഹ്മണർക്കാണ്  ജ്ഞാനത്തിന്റെ മൂന്നാം നേത്രമുള്ളത്, ഇതുകൊണ്ട് നിങ്ങൾ എല്ലാവരുടേയും *കർത്തവ്യത്തെ* മനസ്സിലാക്കുന്നു. സത്യ ഖണ്ഡത്തിന്റെയും അസത്യ ഖണ്ഡത്തിന്റെയും സ്ഥിതികൾ നിങ്ങൾ കുട്ടികൾക്കറിയാം. നിങ്ങളിലും ഓരോരുത്തരും പുരുഷാർത്ഥമനുസരിച്ചാണ് മനസ്സിലാക്കുന്നത്. ഇത് പാഠശാലയാണ്. ഇതിൽ അന്ധവിശ്വാസത്തിന്റെ യാതൊരു കാര്യവുമില്ല. തന്റെ ജോലി വേലകളെല്ലാം ചെയ്തുകൊള്ളൂ. കേവലം തന്റെ അച്ഛനേയും സ്വർഗ്ഗത്തേയും ഓർമ്മിക്കൂ, എങ്കിൽ നിങ്ങൾക്ക് രാജപദവിയുടെ തിലകം ലഭിക്കും. ആത്മാവ് തന്നെയാണ് ഓർമ്മിക്കുന്നത്. സംസ്കാരം ആത്മാവിലാണുള്ളത്. ആത്മാവിനോട് തന്നെയാണ് സംസാരിക്കുന്നത്. ഞാൻ നിങ്ങളുടെ അച്ഛനാണ്. കല്പം മുന്നെയും നിങ്ങൾ സമ്പത്തെടുത്തിരുന്നു. സൂര്യവംശീ രാജ്യപദവിയെടുത്തിരുന്നു. പിന്നീട് ചന്ദ്രവംശത്തിലേയ്ക്ക് പോയി. കലകൾ കുറഞ്ഞ്–കുറഞ്ഞ് പോകുന്നു. പിന്നീട് വൈശ്യ–ശൂദ്രരായി. ഇപ്പോൾ സ്മൃതി വന്നിരിക്കുകയാണ് നാടകം പൂർത്തിയായിരിക്കുകയാണ്. എന്നെ മാത്രം ഓർമ്മിക്കുകയാണെങ്കിൽ വികർമ്മവിനാശം നടക്കും. ശ്രീമതപ്രകാരം നടക്കണം, ദേഹ–അഭിമാനം വന്നാൽ മുറിവേൽക്കും. പിന്നെ ബൃഹസ്പതിയുടെ ദശമാറി രാഹുവിന്റെ ഗ്രഹണം പിടിക്കും. ബാബയെ വിട്ടുപോകുകയാണെങ്കിൽ നരകവാസിയായി മാറും.

ബാബ പറയുന്നു – ഉയർന്ന പദവി പ്രാപ്തമാക്കണമെങ്കിൽ മത്സരിക്കൂ. ഇപ്പോൾ ഉയർന്ന പദവി പ്രാപ്തമാക്കുകയാണെങ്കിൽ കല്പ–കല്പം പ്രാപ്തമാക്കിക്കൊണ്ടിരിക്കും. കേവലം ഒരു ജന്മം പവിത്രമായിരിക്കുന്നതിന്റെ പ്രതിജ്ഞയെടുക്കൂ, എങ്കിൽ 21 ജന്മം സ്വർഗ്ഗത്തിന്റെ അധികാരിയായി മാറും.  ഇപ്പോൾ നരകത്തിൽ നിന്ന് മനസ്സിനെ അകറ്റൂ. ശിവബാബ നിങ്ങൾക്കുവേണ്ടി ശിവാലയം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്, അവിടെ നിങ്ങൾ ചൈതന്യ ദേവതകൾ രാജ്യം ഭരിക്കും. എന്താ ശിവാലയത്തിന്റെ അധികാരിയായി മാറാൻ ആഗ്രഹിക്കുന്നുവോ? *ഫോളോ മദർ–ഫാദർ.* എന്തെല്ലാമുണ്ടോ എല്ലാം നിങ്ങൾ കുട്ടികൾക്കുവേണ്ടിയാണ്. നിങ്ങൾ തന്നെ രാജാവാകും. നിങ്ങൾ  തന്നെ ആയിരുന്നു. വേറെ മതക്കാരുടെ കാര്യമല്ല. ദേവീ–ദേവതാ ധർമ്മത്തിൽ പെട്ടവർ തന്നെയാണ് മറ്റ് ധർമ്മങ്ങളിലേയ്ക്ക് മാറിയിരിക്കുന്നത്, അതുകൊണ്ടാണ് ഹിന്ദു ധർമ്മത്തിൽ പെട്ടവരുടെ സംഖ്യ കുറവായിരിക്കുന്നത്. അല്ലെങ്കിൽ ഭാരതത്തിന്റെ ജനസംഖ്യ ഏറ്റവും കൂടുതലാകുമായിരുന്നു. നിങ്ങളെ ഭഗവാൻ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്!  എത്ര

ശ്രദ്ധ വെക്കേണ്ടതാണ്! ഇത് വളരെ അത്ഭുതകരമായ പഠനമാണ്. വൃദ്ധരും, കുട്ടികളും, യുവാക്കളും എല്ലാവരും പഠിക്കുന്നു. അസുഖമുള്ളവർക്കും പഠിക്കാൻ കഴിയും. ബാബയേയും സമ്പത്തിനേയും ഓർമ്മിക്കുന്നില്ലായെങ്കിൽ മായ അടിക്കും. രക്തം കൊണ്ട് എഴുതി തരേണ്ടതാണ് – ഞാൻ രാവും പകലും ബാബയുടെ ഓർമ്മയിലിരിക്കും. പൂർണ്ണമായും ശിവബാബയുടെ കൈ പിടിക്കും. എന്താണോ ബാബ പറയുന്നത്, അതനുസരിക്കും. ശിവബാബ പറയുകയാണ് – കുട്ടികളെ സംരക്ഷിച്ചുകൊള്ളൂ. എന്താണോ അവശേഷിക്കുന്നത്, അതിൽ നിന്ന് രണ്ടു പിടി ശിവബാബയുടെ സേവനത്തിൽ ഉപയോഗിക്കൂ, അതിന്റെ ഫലമായി നിങ്ങൾക്ക് ഇത്രയും ലഭിക്കും എത്രയാണോ സമ്പന്നർക്ക് ലക്ഷം നൽകിയാൽ ലഭിക്കുന്നത്. പ്രത്യക്ഷ ഫലം ലഭിക്കും. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യമായ സാരം –

1. ദേഹത്തേയും ദേഹത്തിന്റെ സർവ്വ സംബന്ധങ്ങളേയും മറന്ന് അശരീരി ആത്മാവായിമാറുന്നതിന്റെ അഭ്യാസം ചെയ്യണം. ബാബയിൽ നിന്ന് ശ്രീമതമെടുത്ത് ഓരോ ചുവടും അതുപ്രകാരം നടക്കണം.

2. പഠനത്തിൽ പൂർണ്ണ ശ്രദ്ധ വെക്കണം. ദൃഢ സങ്കല്പമെടുക്കണം – രാവും പകലും ബാബയുടെ ഓർമ്മയിലിരിക്കും, ബാബ എന്തു പറയുന്നുവോ അതേ പ്രകാരം തീർച്ചയായും നടക്കും. *ഹീയർ നോ ഈവിൾ, സീ നോ ഈവിൾ . . . . .*

## വരദാനം – ഒരു വെളിച്ചത്തിനു പിന്നാലെ ഈയാംപാറ്റയായി അർപ്പണമാകുന്ന കോടിയിലും ചില ശ്രേഷ്ഠആത്മാവായി ഭവിക്കട്ടെ.

മുഴുവൻ വിശ്വത്തിനകത്തുമായി നാം കോടിയിലും ചില, ചിലരിലും ചില ശ്രേഷ്ഠാത്മാക്കളാണ്. ആരെല്ലാം ഇതു സ്വയം അനുഭവം ചെയ്ത് തിരിച്ചറിഞ്ഞിട്ടുണ്ടോ, നാം കൽപം മുമ്പത്തെ അതേ ശ്രേഷ്ഠആത്മാക്കളാണ്, ആര് സ്വയത്തെ ബാബയാകുന്ന വെളിച്ചത്തിനു പിറകെ അർപ്പിച്ചുവോ, അവർ ചുറ്റിക്കറങ്ങുന്നവരല്ല, ഈയാംപാറ്റയായി സമർപ്പിക്കുന്നവരാണ്. അർപ്പണമാകുക എന്നാൽ മരിക്കുക. അപ്പോൾ ഇങ്ങനെ എരിഞ്ഞു മരിക്കുന്ന ഈയാംപാറ്റയല്ലേ! എരിഞ്ഞടങ്ങുക തന്നെയാണ് ബാബയുടേതാകുക. കത്തിയെരിയുക അർഥം സമ്പൂർണമായി പരിവർത്തനപ്പെടുക.

## സ്ലോഗൻ –ബാബയുടെ മിലനത്തിന്റെ സർവ പ്രാപ്തികളുടെ ആനന്ദത്തിൽ കഴിയുക തന്നെയാണ് സംഗമയുഗത്തിന്റെ വിശേഷത